# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2839

13.03.2020 ൽ
മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

(എ) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**മറുപടി**

ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

2) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

3) ലാൻഡ് ട്രൈബ്യൂണൽ ജിവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

4) 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5) ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500 ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ചു നൽകുകയുണ്ടായി.

7) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത്, കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു.

8) കേരള സർവ്വീസ് ഇനാം (V & E) ആക്ട് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31.12.2023 വരെയായി ദീർഘിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർവീസ് ഇനാം ഭൂമിയുടെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ഭൂരേഖ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡ്സ് ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) കേരളത്തിൽ ആദ്യകാലത്ത് 300 ഓളം ലാൻഡ് ട്രൈബ്യൂണലുകൾ ഉണ്ടായിരുന്നു. ഈ ട്രൈബ്യൂണലുകളിൽ തീർപ്പാക്കിയ കേസ് റിക്കാർഡുകൾ ഇപ്പോഴുള്ള 17 ലാൻഡ് ട്രൈബ്യൂണലുകളിലായി സൂക്ഷിച്ചിരിക്കുകയാണ്. ശാസ്ത്രീയമായ രീതിയിൽ സൂക്ഷിക്കാത്തതിനാൽ കേസ് റിക്കാർഡുകൾ നശിക്കാൻ ഇടയാകുന്നു. മുൻകാലങ്ങളിൽ പട്ടയം ലഭിച്ച ആളുകളുടെ കൈയ്യിൽ നിന്നും ഈ പട്ടയം നഷ്ടപ്പെട്ടു പോകുമ്പോഴും നശിച്ചുപോകുമ്പോഴും പട്ടയ പകർപ്പിനായി ഇവർ എൽ.റ്റി യെ സമീപിക്കാറുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്ന് പട്ടയ പകർപ്പ് ലഭ്യമായില്ലെങ്കിൽ ഈ ജനങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ

| | |
|---|---|
| | തടസ്സപ്പെടും. ഈ സ്ഥിതി പരിഹരിക്കാൻ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കിയ മുഴുവൻ കേസുകളും ഡിജിറ്റലൈസ് ചെയ്തു സൂക്ഷിക്കാനുള്ള പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൈസേഷൻ പൂർണ്ണമായാൽ ഇതിനുള്ള വെബ് സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് പട്ടയത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് എടുക്കാൻ കഴിയുന്നതാണ്. |
| (സി) നിലവിൽ ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്നത് ഏതൊക്കെ ജില്ലകളിലാണ്; പ്രസ്തുത ജില്ലകളിൽ അത് തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; | (സി) കേരളത്തിൽ ഏറ്റവും കൂടുതൽ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ കെട്ടിക്കിടക്കുന്നത് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ്. ഈ ജില്ലകളിലെ കേസുകൾ തീർപ്പാക്കുന്നതിനായി 6 പുതിയ ലാൻഡ് ട്രൈബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 16 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്. |
| (ഡി) ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ. ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ